# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 361 — 28.10.2019 – ൽ മറുപടിക്ക്.

## റേഷൻ കട വഴി കൂടുതൽ സേവനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കട വഴി കൂടുതൽ സേവനം ലഭ്യമാക്കി അതിന്റെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | **(എ)** ഉണ്ട്. |
| **(ബി)** റേഷൻ കടകൾ വഴി ഏതൊക്കെ സേവനങ്ങളാണ് പുതുതായി നൽകുന്നതെന്ന് വ്യക്തമാക്കാമോ; | **(ബി)** റേഷൻ കടകളിലൂടെ പുതുതായി കുപ്പി വെള്ളം, സപ്ലൈകോ ശബരി ഉൽപ്പന്നങ്ങൾ എന്നിവ വിൽപ്പന നടത്തുന്നതിന് ആരംഭം കുറിച്ചിട്ടുണ്ട്. |
| **(സി)** മൂന്ന് മാസത്തിൽ കൂടുതൽ റേഷൻ വാങ്ങാത്ത എ.എ.വൈ./മുൻഗണനാ വിഭാഗത്തിലുള്ളവരെ പ്രസ്തുത പട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | **(സി)** ഉണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിൽ 2019 മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ സ്ഥിരമായി റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി 58712 (എ.എ.വൈ – 6004, പി.എച്ച്.എച്ച് – 52708) കുടുംബങ്ങൾ സ്ഥിരമായി മൂന്നുമാസം റേഷൻ വാങ്ങിയിരുന്നില്ലായെന്ന് കണ്ടെത്തിയതിൽ ഇതുവരെ (22.10.2019) 32982 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച പട്ടിക **അനുബന്ധമായി** ചേർക്കുന്നു. |
| **(ഡി)** പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി കൈക്കൊള്ളുമോ; എങ്കിൽ വിശദമാക്കാമോ? | **(ഡി)** പൊതുവിതരണ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിലൂടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി റേഷൻ കടകളിലൂടെ റേഷൻ സാധനങ്ങൾക്ക് പുറമെ ശബരി ഉത്പന്നങ്ങൾ, കുപ്പിവെള്ളം എന്നിവ വിൽപ്പന നടത്തുന്നുണ്ട്. കുപ്പി വെള്ളത്തിന് ഓപ്പൺ മാർക്കറ്റിൽ അമിത വില ഈടാക്കുന്നത് തടയുന്നതിന് സാധിക്കുന്നു. end to end computerisation, ഭക്ഷ്യ ധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം എന്നിവ മുഖമുദ്രയായുള്ള ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിൽ വന്നതോടുകൂടി പൊതുവിതരണ രംഗം കൂടുതൽ സുതാര്യവും, കാര്യക്ഷമവുമായി തീർന്നിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| റേഷൻ വാങ്ങാത്തവരുടെ പട്ടിക | | | | |
|---|---|---|---|---|
| 2019, മെയ് മുതൽ ജൂലൈ വരെ | | | | |
| ക്രമ നം. | ജില്ല | മുൻഗണന | എ.എ.വൈ | ആകെ |
| 1 | തിരുവനന്തപുരം | 8294 | 844 | 9138 |
| 2 | കൊല്ലം | 5803 | 526 | 6329 |
| 3 | പത്തനംതിട്ട | 2458 | 268 | 2726 |
| 4 | ആലപ്പുഴ | 3498 | 447 | 3945 |
| 5 | കോട്ടയം | 2818 | 355 | 3173 |
| 6 | ഇടുക്കി | 3131 | 526 | 3657 |
| 7 | എറണാകുളം | 7049 | 483 | 7532 |
| 8 | തൃശ്ശൂർ | 4495 | 583 | 5078 |
| 9 | പാലക്കാട് | 5168 | 605 | 5773 |
| 10 | മലപ്പുറം | 3163 | 310 | 3473 |
| 11 | കോഴിക്കോട് | 2758 | 258 | 3016 |
| 12 | വയനാട് | 698 | 335 | 1033 |
| 13 | കണ്ണൂർ | 2365 | 375 | 2740 |
| 14 | കാസർഗോഡ് | 1010 | 89 | 1099 |
| **ആകെ** | | **52708** | **6004** | **58712** |

സെക്ഷൻ ഓഫീസർ